(സി&ഡി) ഗവൺമെന്റ് സ്കൂളുകളിൽ പി.എസ്.സി. മുഖേനയാണ് നിയമനം നടത്തുന്നത്. ഡിവിഷൻ ഫാൾമൂലം തസ്തിക നഷ്ടപ്പെട്ടാൽ പ്രസ്തുത അദ്ധ്യാപകനെ വേക്കൻസി ഉള്ള സ്കൂളുകളിൽ നിയമിക്കും. ഗവൺമെന്റ് സ്കൂളുകളിൽ എൽ.പി വിഭാഗത്തിനും യു.പി. വിഭാഗത്തിനും വെവ്വേറെയാണ് പി.എസ്.സി. റിക്രൂട്ട്മെന്റ് നടക്കുന്നത്.

ബദൽ സ്കൂൾ അദ്ധ്യാപകരുടെ ജോലി സ്ഥിരത

59 (3806) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബദൽ സ്കൂൾ അദ്ധ്യാപകർക്ക് ജോലി സ്ഥിരത നൽകുന്നതിനുള്ള നടപടികളെന്തെങ്കിലും പരിഗണനയിലുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) ഇത്തരം സ്കൂളുകളുടെ പ്രവർത്തനത്തെക്കുറിച്ച് പഠിക്കാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

(സി) ബദൽ സ്കൂളുകളിൽ സംസ്ഥാനത്തൊട്ടാകെ എത്ര കുട്ടികൾ പഠിക്കുന്നുണ്ടെന്നാണ് സർക്കാർ കണക്കാക്കിയിട്ടുള്ളത് ;

(ഡി) ഈ സ്കൂളുകൾ നിർത്തലാക്കണമെന്ന നിർദ്ദേശം സർക്കാർ പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) ബദൽ സ്കൂളുകളിലെ അധ്യാപകരെ കരാർ അടിസ്ഥാനത്തിലാണ് നിയമിക്കുന്നത്. ഇവർക്ക് സ്ഥിര നിയമനം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഇല്ല. എന്നാൽ 2007-08 കാലയളവിൽ ബദൽ വിദ്യാലയങ്ങളിലെ പഠന സാമഗ്രികൾ പരിഷ്കരിക്കുന്നതിന് മുന്നോടിയായി എസ്.എസ്.എ. ഇത്തരം സ്കൂളുകളുടെ പ്രവർത്തനത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്.

(സി) 11455 കുട്ടികൾ

(ഡി) വിദ്യാഭ്യാസ അവകാശ നിയമം നടപ്പിൽ വരുന്നതോടെ പ്രസ്തുത സ്കൂളുകൾ പ്രൈമറി സ്കൂളുകളായി അപ്ഗ്രേഡ് ചെയ്യേണ്ടതുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

സ്വകാര്യ സ്കൂൾ അദ്ധ്യാപകരുടെ രാഷ്ട്രീയ പ്രവർത്തനം

60 (3807) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വകാര്യ സ്കൂൾ അദ്ധ്യാപകരുടെ രാഷ്ട്രീയ പ്രവർത്തന സ്വാതന്ത്ര്യം നിയന്ത്രിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു സംബന്ധമായി ബഹു. കോടതികളിൽ നിന്നും സർക്കാരിന് എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ ആലോചനയിൽ ഇല്ല.

(ബി) ഇതു സംബന്ധമായി ബഹു. ഹൈക്കോടതിയിൽ WP (c) 17534/10 നമ്പരായി ഒരു റിട്ട് പെറ്റിഷൻ ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ് തീർപ്പായിട്ടില്ല.

അൺഎക്കണോമിക് വിദ്യാലയങ്ങളിൽ നിയമനാംഗീകാരം ലഭിക്കാത്ത അദ്ധ്യാപകരുടെ പ്രശ്നങ്ങൾ

61 (3808) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 12-10-2006-ൽ സർക്കാർ ഇറക്കിയ ജി.ഒ.(പി) 259/2006 ഉത്തരവിനെ തുടർന്ന് അൺ എക്കണോമിക് വിദ്യാലയങ്ങളിൽ നിയമനാംഗീകാരം ലഭിക്കാതെ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കെ.ഇ.ആർ-ൽ അൺ എക്കണോമിക് എന്ന വകഭേദം നിലവിലില്ലാത്ത സാഹചര്യത്തിലും അൺ-എക്കണോമിക്കായ സർക്കാർ വിദ്യാലയങ്ങളിൽ സർക്കാർ നിയമനം നടത്തുകയും അതേസമയം എയിഡഡ് മേഖലയിൽ അംഗീകാരം നൽകാതിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) 1996-ലെ ഒരു വിധിയിലൂടെ ബഹു. സ്പ്രീംകോടതി നിലവിലുള്ള ആക്ടിനോ ചട്ടങ്ങൾക്കോ എതിരായി പുറപ്പെടുവിക്കുന്ന എക്സിക്യൂട്ടീവ് ഓർഡർ നിലനിൽക്കുന്നതല്ലെന്ന് വ്യക്തമാക്കിയ സാഹചര്യത്തിൽ ജി.ഒ.(പി) 259/2006 ഉത്തരവ് പ്രകാരം ഈ അദ്ധ്യാപകർക്ക് അംഗീകാരം നൽകുന്നത് നിഷേധിക്കുന്ന നടപടി തിരുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ.ഇ.ആർ. അദ്ധ്യായം V ചട്ടം 22 എ (2) പ്രകാരം മിനിമം കുട്ടികളില്ലാത്ത സ്കൂളുകളുടെ അംഗീകാരം പിൻവലിക്കാൻ വ്യവസ്ഥയുണ്ട്. ഇത്തരം മിനിമം കുട്ടികളില്ലാത്ത സ്കൂളുകളെയാണ് അൺ എക്കണോമിക് സ്കൂളുകൾ എന്നതുകൊണ്ടുദ്ദേശിക്കുന്നത്. എന്നാൽ കെ.ഇ.ആറിലെ വ്യവസ്ഥകൾ പ്രകാരം അംഗീകാരം പിൻവലിക്കാതെ പ്രവർത്തനം തുടരാൻ അനുവദിച്ചിട്ടുള്ള സ്കൂളുകളിലെ ഒഴിവുകളാണ് പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ

LIBRARY ARCHIVES Kerala Legislative Assembly